# കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത്

# ബജറ്റ് 2026 – 27

## വിഷയ സൂചിക

പേജ് നമ്പർ


1. ബജറ്റ് പ്രഖ്യാപനം (പ്രസിഡൻറ്) 2
2. കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് – പൊതു വിവരം 3
3. ബജറ്റ് ആമുഖം 4
4. പഞ്ചായത്തിൻെറ സാമ്പത്തിക സ്രോതസുകൾ 5
5. മേഖലാടിസ്ഥാനത്തിൽ വകയിരുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ 5
    1. പൊതുഭരണവും ധനകാര്യവും 5– 7
    2. കൃഷി 7 –8
    3. മൃഗ സംരക്ഷണം / ക്ഷീര വികസനം 8 –9
    4. പ്രാദേശിക സാമ്പത്തിക വികസനം 9 –10
    5. ദാരിദ്ര്യ ലഘൂകരണം 10 –11
    6. സമൂഹ്യ നീതി 11–12
    7. വനിതകളുടെയും കുട്ടികളുടെയും വികസനം 12–13
    8. പട്ടിക ജാതി വികസനം 13–14
    9. പട്ടിക വർഗ്ഗ വികസനം 14
    10. ആരോഗ്യം 14–16
    11. കുടിവെള്ളം, ശുചിത്വം 16–18
    12. വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം 18
    13. പൊതുമരാമത്ത് 19–21
    14. ജൈവ വൈവിധ്യ മാനേജ്മെൻറ് 21–22
6. ഉപസംഹാരം 23
7. ബജറ്റ് സംഗ്രഹം
8. പഞ്ചായത്ത് വരവ്
9. പഞ്ചായത്ത് ചെലവ്

## സന്ദേശം

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2025–2030 കാലയളവിലെ ഭരണസമിതിയുടെ ആദ്യത്തെ ബജറ്റാണ് 2026–27 വാർഷിക ബജറ്റ്. ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി ബഹുമുഖവും നവീനവുമായ ആശയങ്ങളെ കോർത്തിണക്കി സാമൂഹ്യനീതിയിൽ അധിഷ്ഠിതവും ആരോഗ്യ സേവനരംഗത്ത്, ശുഷ്കാന്തിയോടുകൂടിയുള്ള പ്രവർത്തനത്തിനു ഊന്നൽ നൽകികൊണ്ട് വികസന പദ്ധതികൾ രൂപീകരിച്ച് മുന്നേറികൊണ്ടിരിക്കുകയാണ്. സുപ്രധാന മേഖലകളിൽ ശ്രദ്ധയൂന്നി സർവ്വോന്മുഖമായ വളർച്ച ലക്ഷ്യമിട്ടാണ് ഭരണസമിതിയുടെ മുന്നോട്ടുള്ള പ്രവർത്തനം. സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സ്ഥായിയായ മാർഗ്ഗങ്ങളാണ് ആവശ്യം.

സാമൂഹ്യ സാമ്പത്തിക പുരോഗതി ഉറപ്പാക്കുക, കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തുക, ആരോഗ്യമേഖല കാര്യക്ഷമമാക്കുക എന്നിവയിലൂടെ സമഗ്ര വികസനം കൈവരിക്കുക എന്നതാണ് ഈ ബജറ്റ് വിഭാവനം ചെയ്യുന്നത്. ജനപങ്കാളിത്തം, വകുപ്പുകളും, പദ്ധതികളും തമ്മിലുള്ള ഏകോപനം, ഗ്രാമ – ജില്ലാ പഞ്ചായത്തുകളുമായുള്ള സംയുക്ത പദ്ധതികൾ എന്നിവ ഉറപ്പാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു വികസന മാതൃക സൃഷ്ടിക്കുവാൻ ഈ ബജറ്റ് ലക്ഷ്യമിടുന്നു.

മുൻ ഭരണസമിതി തുടക്കം കുറിച്ച നൂതന സംവിധാനങ്ങളോടു കൂടിയാണ് നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തിച്ചു വരുന്നത്. ഐ എസ് ഒ അംഗീകാരം കരസ്ഥമാക്കി തികച്ചും സ്മാർട്ട് ഓഫീസായി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കൂട്ടായ പ്രവർത്തനത്തിലൂടെ വികസന തുടർച്ച ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പുതിയ ഭരണസമിതിക്ക് നിങ്ങളുടെ എല്ലാവിധ പിന്തുണയും എല്ലാവിധ സഹായ സഹകരണങ്ങളും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

അബ്ദുള്ള കുഞ്ഞി ചെർക്കള
ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്

# കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത്

## തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പൊതു വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | ജില്ല | : | കാസറഗോഡ് |
| 2 | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | 18 |
| 3 | ജില്ലാ പഞ്ചായത്ത് | : | കാസറഗോഡ് |
| 4 | ജില്ലാ പഞ്ചായത്ത് ഡിവിഷനുകൾ | : | ബദിയടുക്ക, ഉദുമ, ചെങ്കള, സിവിൽ സ്റ്റേഷൻ, കുമ്പള |
| 5 | ഗ്രാമ പഞ്ചായത്തുകൾ | : | കുമ്പള, മൊഗ്രാൽ പുത്തൂർ, മധൂർ, ചെമ്മനാട്, ചെങ്കള, ബദിയടുക്ക |
| 6 | വില്ലേജുകൾ | : | ആരിക്കാടി, ബദിയടുക്ക, ബേള, ബൊംബ്രാണ, ചെമ്മനാട്, ചെങ്കള, ഇച്ചിലംപാടി, കളനാട്, കിട്ടൂർ, കോയിപ്പാടി, കുഡ്ലു, മധൂർ, മൊഗ്രാൽ, മുട്ടത്തൊടി, നെക്രാജെ, നീർച്ചാൽ, പാഡി, പട്ള, പെരുമ്പള, പുത്തൂർ, ഷിറിബാഗിലു, തെക്കിൽ, ഉജറുൽവാർ |
| 7 | വിസ്തൃതി | : | 241.805 ച. കിലോ മീറ്റർ |
| 8 | അതിരുകൾ | | |
| | വടക്ക് | : | മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് |
| | കിഴക്ക് | : | കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് |
| | തെക്ക് | : | കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് |
| | പടിഞ്ഞാറ് | : | അറബിക്കടൽ |
| 9 | താലൂക്ക് | : | കാസറഗോഡ് |
| 10 | അസംബ്ലി മണ്ഡലം | : | മഞ്ചേശ്വരം, കാസറഗോഡ്, ഉദുമ |
| 11 | ജനസംഖ്യ ആകെ (2011) | : | 258728 |
| | പുരുഷൻ | : | 125165 |
| | സ്ത്രീ | : | 133563 |
| | പട്ടിക ജാതി | : | 13255 |
| | പുരുഷൻ | : | 6598 |
| | സ്ത്രീ | : | 6657 |
| | പട്ടിക വർഗ്ഗം | : | 8042 |
| | പുരുഷൻ | : | 3935 |
| | സ്ത്രീ | : | 4107 |
| 12 | ജന സാന്ദ്രത | : | 1068.99 |
| 13 | സ്ത്രീ പുരുഷ അനുപാതം | : | 1067 : 1000 |

## ബഹുമാന്യരേ,

**2026–27** വർഷത്തേക്കുള്ള ബജറ്റ് ഈ സഭയിൽ ഞാൻ അവതരിപ്പിക്കുകയാണ്. ഗ്രാമ സ്വരാജ് അഥവാ സ്വയംപര്യാപ്തമായ ഗ്രാമങ്ങൾ സൃഷ്ടിക്കപ്പെടുക എന്ന ലക്ഷ്യത്തിൻെറ അടിസ്ഥാനത്തിൽ 1992–ലെ 73–ാം ഭരണഘടനാ ഭേദഗതിയോടുകൂടി നിലവിൽ വന്ന പഞ്ചായത്തീരാജ് സംവിധാനം അധികാര സ്ഥാനത്ത് ഒരു വിപ്ലവം തന്നെ സൃഷ്ടിക്കുകയുണ്ടായി. 73–ാം ഭരണഘടനാ ഭേദഗതിയുടെ അന്തസത്ത ഉൾക്കൊണ്ട് കൊണ്ട് കേരള നിയമസഭ 1994–ൽ പാസാക്കിയ പഞ്ചായത്തീരാജ് ആക്ട് പ്രകാരം നിലവിൽ വന്ന ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾ നടപ്പ് വർഷം മാർച്ച് 31 ന് മുൻപായി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് പഞ്ചായത്ത് യോഗത്തിൽ പ്രത്യേക അജൻഡ ചേർത്ത് അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിരിക്കണമെന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഒഴിച്ചുകൂടാനാവാത്ത ഉത്തരവാദിത്വങ്ങളിൽ പ്രധാനമാണ്. വരും വർഷം പഞ്ചായത്തിൻെറ പ്രവർത്തനത്തിനാവശ്യമായ ധന വിഭവം ഏതൊക്കെ സ്രോതസുകളിൽ നിന്നും എത്രമാത്രം സമാഹരിക്കുമെന്നും അവ ജനോപകാരപ്രദമായും, വികസനപരമായും എങ്ങനെ വിനിയോഗിക്കുമെന്നും വർഷാരംഭത്തിനു മുമ്പേ പ്രഖ്യാപിക്കുന്ന സാമ്പത്തിക രൂപ രേഖയാണ് ബജറ്റ്

2025–26 ലെ ബജറ്റിൽ മുൻ ഭരണ സമിതി വിഭാവനം ചെയ്തിരുന്ന മിക്ക പദ്ധതികളും വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ലഭ്യമായ പദ്ധതി വിഹിതത്തിൽ ഏകദേശം 60% തുക നാളിതുവരെ ചെലവഴിക്കുന്നതിന് സാധിച്ചു. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

വരും വർഷത്തെ വരവ് ചെലവുകളുടെ യാന്ത്രികമായ ഒരു തട്ടിക്കൂട്ടലായല്ല മറിച്ച് ഒരു വികസന സ്വപ്ന സാക്ഷാത്കാരമായും, നമ്മുടെ ബ്ലോക്ക് പഞ്ചായത്തിന്റെ സമ്പൂർണ്ണ വികസനത്തിനായി ഫലപ്രദമായി പദ്ധതികൾ ആസൂത്രണം ചെയ്യുകയും ഫണ്ട് അനുവദിക്കുകയും ചെയ്യുന്ന ഘടനാപരമായ ഒരു പ്രക്രിയയായുമാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. വിശദമായ വാർഷിക നിർദ്ദേശങ്ങളോടൊപ്പം പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലെ വരും വർഷങ്ങളിലേക്കുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പരിപ്രേക്ഷ്യവും ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷത്തിലേക്ക് കടക്കുന്ന ഈ വേളയിൽ അധികാര വികേന്ദ്രീകരണത്തിൻെറ അടിസ്ഥാന തത്വങ്ങളിലൂന്നി പ്രാദേശിക വികസനവും, സാമൂഹ്യനീതിയും സാദ്ധ്യമാകുന്ന വിധത്തിൽ പഞ്ചായത്തിരാജ് നിയമത്തിൻെറ 214–ാം വകുപ്പ് പ്രകാരം, ആകെ **16,38,27000/–** രൂപ വരവും **15,90,61000/–** രൂപ ചെലവും **47,66000/–** രൂപ മിച്ചവും പ്രതീക്ഷിക്കുന്ന 2026-27 വർഷത്തേക്കുള്ള, കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ ഏഴാമത് ഭരണ സമിതിയുടെ ആദ്യ ബജറ്റ് ഞാൻ സ്വാഭിമാനം അവതരിപ്പിക്കുന്നു.

# II, ബ്ലോക്ക് പഞ്ചായത്തിന്റെ സാമ്പത്തിക സ്രോതസുകൾ

സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ച് സർക്കാർ ഗ്രാൻറ് ഇൻ എയിഡായി നൽകുന്ന പദ്ധതി വിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാൻറ് എന്നിവയാണ് പ്രധാന സാമ്പത്തീക സ്രോതസുകൾ. ഇതിനു പുറമേ മെയിൻറനൻസ് ഫണ്ട് (റോഡിതരം), നാഷണൽ ഹെൽത്ത് മിഷൻ മുഖേനയുള്ള ഹെൽത്ത് ഗ്രാന്റ്, കേന്ദ്ര സർക്കാർ വിവിധ പദ്ധതികൾക്കായി അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത വിഹിതം, ജനറൽ പർപ്പസ് ഫണ്ട്, ഗുണഭോക്തൃ വിഹിതം, സാമൂഹിക പ്രതിബദ്ധതാ ഫണ്ട്, വിവിധ വകുപ്പുകൾ കൈമാറുന്ന തുകകൾ, ഗ്രാമ, ജില്ലാ പഞ്ചായത്ത് വിഹിതം, വായ്പകൾ, സംഭാവനകൾ എന്നിവയും ബ്ലോക്ക് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങളിൽ ഉൾപ്പെടുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടക, ലേല നടപടികളിലൂടെയുള്ള വരവുകൾ, ടെൻഡർ ഫോം വില്പന എന്നിവ ഉൾപ്പടെയുള്ള തനത് ഫണ്ടും പദ്ധതി പ്രവർത്തനങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

# III, മേഖലാടിസ്ഥാനത്തിലുള്ള വകയിരുത്തലുകൾ

പഞ്ചായത്തി രാജ് ചട്ടങ്ങൾ, ശുചിത്വ മാലിന്യ സംസ്കരണ നിയമങ്ങൾ എന്നിവയിലൂന്നിയുള്ള സർക്കാർ ഉത്തരവുകൾ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ, 2026 – 27 പദ്ധതി രൂപീകരണ – നിർവ്വഹണ ഉത്തരവുകൾ എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം വിവിധ വിഷയ മേഖലകളിൽ ചുവടെ പറയും പ്രകാരം തുക വകയിരുത്തി **2026 – 27** വർഷത്തേക്ക് വികസന പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളതാണ്.

## III (i), പൊതുഭരണവും, ധനകാര്യവും

*(കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഇ ഗവേൺനസ്, തനത് വരുമാന വർദ്ധനവ്, മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, സേവന പ്രദാനം മെച്ചപ്പെടുത്തൽ, സദ്ഭരണം, വാതിൽപ്പടി സേവനം മുതലായവ)*

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, ബ്ലോക്ക് പഞ്ചായത്ത് ഘടക സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരും, സമിതിയും മുൻ ഭരണ സമിതിയിലെന്ന പോലെ സൗഹൃദത്തോടെ ഇടപെടുന്നു. മാത്രമല്ല പൊതുജനങ്ങൾക്ക് യഥാസമയം സേവനം ലഭ്യമാക്കുന്നതിന് സമിതിയും, ജീവനക്കാരും പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. സ്റ്റാഫ് പാറ്റേൺ കാലനുസൃതമായി മാറ്റാത്തതു സ്ഥാപനങ്ങളുടെ സുഗമമായ

പ്രവർത്തനത്തെ ബാധിക്കുന്നുണ്ടെങ്കിലും, പഞ്ചായത്തിലെയും, ഘടക സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ആത്മാർത്ഥമായ പരിശ്രമം ഇതു നികത്തുന്നതിന് സഹായകമാകുന്നു.

സേവനം ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ഓഫീസുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിൻെറയും, ഭരണ നവീകരണത്തിൻെറയും ഭാഗമായി ഓഫീസ് കമ്പ്യൂട്ടർ വത്കരണം, ഈ ഫയലിംഗ് എന്നിവയ്ക്ക് അർഹിക്കുന്ന പ്രാധാന്യം അടുത്ത സാമ്പത്തിക വർഷവും നൽകിയിട്ടുണ്ട്. 2025 ഏപ്രിൽ 1 മുതൽ ഐ.കെ.എം. വികസിപ്പിച്ച കെ.സ്മാർട്ട് എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ പ്രയോഗത്തിൽ വന്നിട്ടുള്ളതും ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളും ടി ഏകീകൃത വെബ് പോർട്ടൽ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

2024–25 വർഷം വരെയുള്ള വാർഷിക ധനകാര്യ പത്രിക ലോക്കൽ ഫണ്ട് ആഡിറ്റിനു യഥാസമയം സമർപ്പിച്ചിട്ടുണ്ട്. ഓഫീസുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി നിലവിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ക്ലോസ്ഡ് സർക്യൂട്ട് ടി.വി. വിപുലീകരിക്കുന്നതും, ജീവനക്കാർക്ക് പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതും പഞ്ചായത്തിൻെറ പരിഗണനയിലുണ്ട്. പഞ്ചായത്തിൻെറ വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി ഒരു സോഷ്യൽ ഓഡിറ്റ് ടീം രൂപീകരിക്കേണ്ടതുണ്ട്.

ഈ മേഖലയിലെ വിവിധ പദ്ധതികൾക്കായി ആകെ **67.7 ലക്ഷം** രൂപ വകകൊള്ളിച്ചിട്ടുണ്ട്. **ഈ മേഖലയിൽ ഏറ്റെടുത്ത പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു**

| ക്ര.നം | പദ്ധതതിയുടെ പേര് | സാധാരണ വിഹിതം | തനത് ഫണ്ട് | ആകെ |
|---|---|---|---|---|
| 1 | കുമ്പള കുടുംബാരോഗ്യ കേന്ദ്രം – കരാർ ജീവനക്കാർക്ക് വേതനം | 1300000 | 0 | 1300000 |
| 2 | കളനാട് ഹോമിയോ ആശുപത്രി ലാബ് ടെക്ക്നീഷ്യൻ വേതനം | 300000 | 0 | 300000 |
| 3 | ഐ കെ എം നു ബ്ലോക്ക് വിഹിതം നൽകൽ | 900000 | 0 | 900000 |
| 4 | പദ്ധതി രൂപീകരണവും നിർവഹണവും മോണിറ്ററിങ്ങും | 200000 | 0 | 200000 |
| 5 | സി എച്ച് സി ബദിയടുക്ക – കരാർ ജീവനക്കാർക്ക് വേതനം | 1100000 | 0 | 1100000 |
| 6 | കുമ്പള CHC – വിദഗ്ധ പാലിയേറ്റിവ് പരിചരണം | 2000000 | 0 | 2000000 |
| 7 | പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ | 50000 | 0 | 50000 |
| 8 | ഗ്രാമ ലക്ഷ്മി മുദ്രാലത്തിൽ നിന്നും ഓഫീസ് സാമഗ്രികൾ വാങ്ങൽ | 0 | 100000 | 100000 |
| 9 | ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഹാൾ ശീതീകരണ സംവിധാനം, അനുബന്ധ സൗകര്യങ്ങൾ | 0 | 250000 | 250000 |

| | | | | |
|---|---|---|---|---|
| 10 | ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഹാൾ – കോൺഫറൻസ് സിസ്റ്റം ഒരുക്കൽ | 0 | 350000 | 350000 |
| 11 | ചെർക്കളം അബ്ദുള്ള ഹാൾ ശബ്ദ സംവിധാനം ആധുനീകരിക്കൽ | 0 | 50000 | 50000 |
| 12 | ഔദ്യോഗിക ആവശ്യത്തിനായി ഇലക്ട്രിക് സ്കൂട്ടർ വാങ്ങൽ | 0 | 170000 | 170000 |
| **ആകെ പദ്ധതി അടങ്കൽ** | | 5850000 | 920000 | 6770000 |

## III (ii), കൃഷി (ഉൽപ്പന്ന സംഭരണവും സംസ്കരണവും, വിപണനവും ഉൾപ്പടെ)

*(മത്സ്യബന്ധനം, തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജല സംരക്ഷണം മുതലായവ)*

ഷിറിയ, ചന്ദ്രഗിരി എന്നീ പുഴകൾ, തനതായ കാവുകൾ, കുളങ്ങൾ, നെൽവയലുകൾ, പുഞ്ചപ്പാടങ്ങളള്‍ എന്നിവ ഉൾപ്പെടുന്ന പ്രകൃതിരമണീയമായ **കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത്** പ്രദേശം സംസ്ഥാനത്തെ കവുങ്ങ്, നെൽ കൃഷികൾക്ക് പേരുകേട്ട സ്ഥലമാണ്. കർഷക തൊഴിലാളികളുടെ അഭാവവും ഉൽപാദനച്ചെലവിന്റെ വർദ്ധനവും ഉൽപ്പന്നങ്ങളുടെ വിലയിടിവും കാർഷിക മേഖലയുടെ തകർച്ചക്ക് കാരണമാകുന്നു. ഉൽപ്പാദനവും, ഉൽപ്പാദനക്ഷമതയും, ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കേണ്ടതും കർഷകന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

കർഷകരേയും, കർഷക തൊഴിലാളികളേയും ഈ മേഖലയുമായി ബന്ധിപ്പിച്ച് നിർത്തുന്നതിനും കാർഷിക മേഖലയിൽ പരമാവധി വളർച്ച കൈവരിക്കുന്നതിനുമായി **ബ്ലോക്ക് പഞ്ചായത്ത് തനതായും, ഗ്രാമ പഞ്ചായത്തുകളുമായി സംയുക്തമായും** പ്രോജക്ട്കൾ ഈ മേഖലയിൽ ഏറ്റെടുക്കേണ്ടത് അനിവാര്യമാണ്. കർഷകരുടെ ക്ഷേമവും, കാർഷിക വൃത്തിയിൽ അവരെ പിടിച്ചു നിർത്തുന്നതിന് ഉതകുമാറ് വിത്ത് മുതൽ വിപണനം വരെയുള്ള എല്ലാ ഘട്ടങ്ങളിലും കർഷകർക്ക് മതിയായ വിഞ്ജാന വ്യാപന പ്രവർത്തനങ്ങളും ഗുണമേന്മയേറിയ നടീൽ വസ്തുക്കളും, ജൈവവളങ്ങളും, ഒരു കൂരക്ക് കീഴിൽ നിന്നും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ജൈവ കാർഷികോൽപന്ന വിപണന കേന്ദ്രം നമ്മുടെ **ബ്ലോക്ക് പഞ്ചായത്തിൽ** ആരംഭിക്കേണ്ടതുണ്ട്. കർഷകർ ഉത്പാദിപ്പിക്കുന്ന മായം കലരാത്തതും, രാസവളം ഉപയോഗിക്കാത്തതും ഗ്രാമീണത്തനിമയാർന്നതുമായ ഉത്പന്നങ്ങൾ ന്യായവില ലഭ്യമാക്കി നേരിട്ട് വിപണനം നടത്തുന്നതിന് കർഷകർക്ക് ഇപ്രകാരം അവസരം ലഭിക്കുന്നു.

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ സ്വഭാവത്തിനനുസൃതമായ കൃഷി, കൃഷി പരിപാലനം, വിളവെടുപ്പ്, വിപണനം എന്നിവ വരെയുള്ള ഘട്ടങ്ങളുടെ ഏകോപനം ആധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ കർഷകർക്ക് പ്രയോജനപ്രദമാകുന്ന വിധത്തിൽ **94.5 ലക്ഷം** രൂപ പദ്ധതികൾക്കായി വകയിരുത്തുന്നു. **ഈ മേഖലയിൽ ഏറ്റെടുത്ത പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു**

| ക്ര.നം | പദ്ധതതിയുടെ പേര് | സാധാരണ വിഹിതം | തനത് ഫണ്ട് | എം.എഫ്. (NR) | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 1 | സ്ഥിരം നെൽ കൃഷി | 3000000 | 0 | 0 | 600000 | 3600000 |
| 2 | സ്ഥിരം പച്ചക്കറി കൃഷി | 600000 | 0 | 0 | 600000 | 1200000 |
| 3 | മുന്തിയ ഇനം ഒട്ടുതൈ ഉത്പാദന കേന്ദ്രം (വനിതാ ഗ്രൂപ്പ് സംരംഭം) | 250000 | 50000 | 0 | 600000 | 900000 |
| 4 | മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് സോളാർ അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്ന ഉത്പാദന വിപണന കേന്ദ്രം | 2850000 | 0 | 0 | 300000 | 3150000 |
| 5 | കൃഷി അസിസ്റ്റൻറ് ഡയറക്ടർ ഓഫീസ് – കണ്ടിൻജൻസി ചിലവുകള് | 0 | 0 | 100000 | 0 | 100000 |
| 6 | കൃഷി അസിസ്റ്റൻറ് ഡയറക്ടർ ഓഫീസ് – അറ്റകുറ്റപ്പണികൾ | 0 | 0 | 500000 | 0 | 500000 |
| **ആകെ പദ്ധതി അടങ്കൽ** | | **6700000** | **50000** | **600000** | **2100000** | **9450000** |

## III (iii), മൃഗ സംരക്ഷണവും, ക്ഷീര വികസനവും

മൃഗസംരക്ഷണം നമ്മുടെ സാമ്പത്തിക, സാമൂഹിക, പരിസ്ഥിതിക ആവശ്യങ്ങൾക്ക് ഏറെ പ്രധാനപ്പെട്ടതാണ്. ആകയാൽ സുസ്ഥിരമായ മൃഗപാലന രീതികൾ ഉൾക്കൊള്ളുന്ന തരത്തിലുള്ള പദ്ധതികൾ നാം ഏറ്റെടുക്കേണ്ടതുണ്ട്. 2025-26 സാമ്പത്തീക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും തുക വകയിരുത്തി, ഏറ്റെടുത്തിട്ടുള്ള മൃഗ സംരക്ഷണ, ക്ഷീര വികസന പ്രോജക്ടുകൾ നിർവ്വഹണത്തിൻെറ അന്തിമ ഘട്ടത്തിലാണ്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട 6 ഗ്രാമ പഞ്ചായത്തുകളും പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിൻെറ പാതയിലാണ്. എന്നാൽ ക്ഷീര കർഷകർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന പാലിന് ആവശ്യമായ വിപണി കണ്ടെത്താൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ പാൽ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപന്നനിർമ്മാണ പരിശീലനം നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നു.

ദുർബല മേഖലകളിൽ സമ്പദ്‌വ്യവസ്ഥയുടെ വളർച്ച പ്രോത്സാഹിപ്പിക്കാൻ ക്ഷീരവികസന പദ്ധതികൾ സഹായിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ലഭ്യമായ ശുദ്ധമായ പാലും, പാലിന്റെ ഗുണനിലവാരവും ഇവയുടെ പരിഗണനയിൽ പ്രധാനമാണ്. ക്ഷീര വികസന വകുപ്പ് നടത്തുന്ന ക്ഷീരോത്സവം വഴി ക്ഷീരകർഷകർക്ക് അംഗീകാരവും, പ്രോത്സാഹനവും നൽകുന്നു. ക്ഷീരോത്പന്ന വ്യവസായ സംരംഭകർക്ക് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുക സമഗ്ര ക്ഷീരവികസനം,

കാലിത്തീറ്റവിതരണം ഉൾപ്പടെയുള്ള പദ്ധതികൾക്കായി **47.5 ലക്ഷം** രൂപ ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

**ഈ മേഖലയിൽ ഏറ്റെടുത്ത പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

| ക്ര.നം | പദ്ധതതിയുടെ പേര് | സാധാരണ വിഹിതം | തനത് ഫണ്ട് | എം.എഫ്. (NR) | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 1 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- ബ്ലോക്ക് വിഹിതം | 1100000 | 0 | 0 | 0 | 1100000 |
| 2 | ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി | 600000 | 0 | 0 | 0 | 600000 |
| 3 | എ ബി സി പദ്ധതിക്ക് വിഹിതം നൽകൽ | 300000 | 0 | 0 | 0 | 300000 |
| 4 | മൊബൈൽ വെറ്ററിനറി ക്ലിനിക്ക് | 1200000 | 0 | 0 | 0 | 1200000 |
| 5 | ഡയറി എക്സ്റ്റൻഷൻ ഓഫീസിലെ കണ്ടിജൻസി ചെലവുകൾ | 0 | 0 | 50000 | 0 | 50000 |
| 6 | ഗ്രൂപ്പ് സംരംഭങ്ങൾക്ക് കറവ യന്ത്രങ്ങൾ വിതരണം | 1500000 | 0 | 0 | 0 | 1500000 |
| **ആകെ പദ്ധതി അടങ്കൽ** | | **4700000** | **0** | **50000** | **0** | **4750000** |

## III (iv), പ്രാദേശിക സാമ്പത്തിക വികസനം, സഹകരണം

*(ചെറുകിട വ്യവസായം, കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പടെ)*

ഒരു പ്രത്യേക പ്രദേശത്ത്, സാംസ്കാരിക, സാമൂഹിക, സാമ്പത്തിക ഉന്നതിക്ക് ദ്രുതഗതിയിലുള്ള വികസനം പ്രോത്സാഹിപ്പിക്കുന്ന പ്രക്രിയയാണ് പ്രാദേശിക സാമ്പത്തിക വികസനം (Local Economic Development, LED). ഇപ്രകാരം പ്രാദേശിക തലത്തിൽ സംരംഭങ്ങൾ ആരംഭിക്കുകയും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, ദാരിദ്ര്യം കുറക്കുകയും ചെയ്യുന്നു.

ദ്രുതഗതിയിൽ തൊഴിൽ സൃഷ്ടിക്കുക, പ്രാദേശിക സമ്പത്ത് വർദ്ധിപ്പിക്കുക, സ്ഥിരമായ തൊഴിൽ സാധ്യതകൾ സൃഷ്ടിക്കുക, നൂതന സാങ്കേതിക വിദ്യകൾ അവലംബിക്കുക എന്നിവക്ക് പഞ്ചായത്ത് പ്രാധാന്യം നൽകുന്നു. വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ESS, PMEGP, ASHA എന്നീ പദ്ധതികൾ മുഖേന വിശദമായ പ്രോജക്ട് റിപ്പോർട്ടിന്മേൽ സബ്സിഡിയോട് കൂടിയ ബാങ്ക് ലോൺ വനിതാ വ്യവസായ സംരംഭകർക്ക് നൽകി വരുന്നു. മാത്രമല്ല നവീന രീതിയിലുള്ള തൊഴിൽ മേഖലകളിൽ കൂടുതൽ ആളുകൾ ആകർഷിക്കപ്പെടുന്ന തരത്തിലുള്ള ബോധവൽക്കരണം, പരിശീലനം എന്നിവയ്ക്കും ബജറ്റ് പ്രാധാന്യം നൽകുന്നു.

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള പ്ലംബർ, ഇലക്ട്രീഷ്യൻ, മറ്റ് ടെക്നീഷ്യന്മാർ തുടങ്ങിയ തൊഴിലുകളിൽ ലൈസൻസും, പ്രാവിണ്യമുള്ള ആളുകളുടെ മൊബൈൽ നമ്പർ, വിലാസം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് പൊതുജനത്തിന് ഉപകാരപ്രദമായ രീതിയിൽ ഒരു മാബൈൽ ആപ്പ് രൂപകൽപ്പന ചെയ്യുന്നതിനും ലക്ഷ്യമിടുന്നു. ഈ മേഖലയിലുള്ള പദ്ധതികൾക്കായി **55.5 ലക്ഷം** രൂപ ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. **ഈ മേഖലയിൽ ഏറ്റെടുത്ത പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

| ക്ര.നം | പദ്ധതതിയുടെ പേര് | സാധാരണ വിഹിതം | തനത് ഫണ്ട് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 1 | വനിതാ ഗ്രൂപ്പുകൾക് സ്വയം തൊഴിൽ സംരംഭത്തിന് സബ്സിഡി | 3000000 | | | 3000000 |
| 2 | മുന്തിയ ഇനം ഒട്ടുതൈ ഉത്പാദന കേന്ദ്രം (വനിതാ ഗ്രൂപ്പ് സംരംഭം) | 250000 | | | 250000 |
| 3 | ഭിന്നശേഷി വിഭാഗത്തിന് സ്വയംതൊഴിൽ സഹായം | 1500000 | | | 1500000 |
| 4 | വിജ്ഞാന കേരളം പദ്ധതി | 300000 | | | 300000 |
| 5 | പരവനടുക്കം വൃദ്ധ സദനത്തിലെ അന്തേവാസികൾക്ക് നൈപുണ്യ പരിശീലനം | 500000 | | | 500000 |
| **ആകെ പദ്ധതി അടങ്കൽ** | | **5550000** | **0** | **0** | **5550000** |

## III (V), ദാരിദ്ര്യ ലഘൂകരണം

*(പാർപ്പിടം, അതി ദാരിദ്ര്യ ലഘൂകരണം ഉൾപ്പടെ)*

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഏതൊരു കുടുംബത്തിനും, പൗരനും ജീവിതനിലവാരവും, സാമ്പത്തിക സുസ്ഥിരതയും ഉറപ്പാക്കുക എന്നതാണ് പരമ പ്രധാനമായ ലക്ഷ്യം. സ്ത്രീ ശാക്തീകരണത്തോടൊപ്പം സാമൂഹിക – സാമ്പത്തിക വികസനങ്ങളിൽ സ്ത്രീകളെ പങ്കാളികളാക്കുകയും അതുമൂലം ദാരിദ്ര്യ ലഘൂകരണം പ്രാവർത്തികമാക്കുക എന്നതിൽ അധിഷ്ടിതമായ നൂതന പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.

കേരളത്തിൽ അഞ്ചു വർഷം കൊണ്ട് അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട 6 ഗ്രാമ പഞ്ചായത്തുകളും സമയബന്ധിതമായി പൂർത്തീകരിക്കുകയുണ്ടായി. മേൽ പ്രവർത്തനങ്ങൾക്ക് മികച്ച പിന്തുണ നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

പി.എം.എ.വൈ. (ജി), ലൈഫ് എന്നീ ഭവന പദ്ധതികൾ പ്രകാരം ഭവന രഹിതരായ യോഗ്യതയുള്ള എല്ലാ ഗുണഭോക്താക്കൾക്കും **ബ്ലോക്ക്** പഞ്ചായത്ത് വിഹിതം നൽകുന്നതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതാണ്. മാത്രമല്ല മുൻവർഷങ്ങളിൽ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള ഗുണഭോക്താക്കൾക്ക് **ബ്ലോക്ക്** പഞ്ചായത്ത് വിഹിതം കുടിശിക തീർക്കുന്നതിനുള്ള തുകയും ഈ ബജറ്റിൽ വകയിരുത്തുന്നതിന് സാധിച്ചു.

ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതുൾപ്പെടെയുള്ള പ്രവർത്തികൾക്ക് 2026-27 സാമ്പത്തിക വർഷം ബജറ്റിൽ **1.33 കോടി** രൂപ വകകൊള്ളിച്ചിട്ടുണ്ട്. **ഈ മേഖലയിൽ ഏറ്റെടുത്ത പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

| ക്ര.നം | പദ്ധതതിയുടെ പേര് | സാധാരണ വിഹിതം | തനത് ഫണ്ട് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 1 | ലൈഫ് മിഷൻ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 4000000 | 0 | 0 | 4000000 |
| 2 | പി എം എ വൈ (ഗ്രാമീൺ) ഭവനപദ്ധതി 2026 -27 (പൊതുവിഭാഗം) | 9250000 | 0 | 0 | 9250000 |
| **ആകെ പദ്ധതി അടങ്കൽ** | | **13250000** | **0** | **0** | **13250000** |

## III (vi), സമൂഹ്യ നീതി

*(ഭിന്ന ശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ട്രാൻസ് ജെൻഡേഴ്സ് മുതലായവ)*

പഞ്ചായത്ത് പരിധിയിലെ എല്ലാ വിഭാഗങ്ങളിലും ഉൾപ്പെട്ട വ്യക്തികൾക്ക് അവകാശങ്ങൾ, അവസരങ്ങൾ, സൗകര്യങ്ങൾ എന്നിവ സമാനമായി ലഭ്യമാകണമെന്ന ആശയമാണ് സമിതി ലക്ഷ്യമിടുന്നത്. എല്ലാ വ്യക്തികളുടെയും അടിസ്ഥാന അവകാശങ്ങൾ സംരക്ഷിക്കുക, പ്രത്യേകിച്ച് സാമൂഹികമായി പിന്നോക്കം നിൽക്കുന്നതും, അവശത അനുഭവിക്കുന്നതുമായ വിഭാഗങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കൽ എന്നിവക്ക് പ്രാധാന്യം നൽകുന്നു. ഭിന്ന ശേഷിക്കാർ, വൃദ്ധർ, ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിൽ എണ്ണത്തിൽ കുറവായ ട്രാൻസ് ജൻഡർ വിഭാഗത്തിൽപെട്ടവർ എന്നിവരുടെവരുടെ ക്ഷേമം മുൻനിർത്തി ഗ്രാമ - ജില്ലാ പഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പ്രോജക്ട് ഏറ്റെടുക്കേണ്ടതുണ്ട്. യന്ത്രവത്കൃത മുച്ചക്ര വാഹനങ്ങൾ ഭിന്നശേഷിക്കാർക്ക് അനുവദിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച വിജയകരമായി നടപ്പിലാക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായി **30.00 ലക്ഷം** രൂപ ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതിന് സാധിച്ചു. **ഈ മേഖലയിൽ ഏറ്റെടുത്ത പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

| ക്ര.നം | പദ്ധതതിയുടെ പേര് | സാധാരണ വിഹിതം | തനത് ഫണ്ട് | എം.എഫ്. (NR) | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 1 | ഭിന്നശേഷി വിഭാഗത്തിന് സ്വയംതൊഴിൽ സഹായം | 1500000 | 0 | 0 | 0 | 1500000 |
| 2 | സർക്കാർ വൃദ്ധ സദനത്തിലെ അന്തേവാസികൾക്ക് അനുപൂരക പോഷകാഹാരവും ചികിത്സയും | 600000 | 0 | 0 | 0 | 600000 |
| 3 | പരവനടുക്കം വൃദ്ധ സദനത്തിലെ അന്തേവാസികൾക്ക് നൈപുണ്യ പരിശീലനം | 500000 | 0 | 0 | 0 | 500000 |
| 4 | വൃദ്ധ സദനം ഓഫിസിലേക്ക് കണ്ടീജൻസി ചെലവുകള് | 0 | 0 | 150000 | 0 | 150000 |
| 5 | മഹിളാമന്ദിരത്തിലേക്ക് കണ്ടീജൻസി ചെലവുകള് | 0 | 0 | 150000 | 0 | 150000 |
| 6 | പരവനടുക്കം വൃദ്ധ സദനത്തിൽ നിരീക്ഷണ ക്യാമറ സംവിധാനം വിപുലീകരണം | 0 | 100000 | 0 | 0 | 100000 |
| | **ആകെ പദ്ധതി അടങ്കൽ** | **2600000** | **100000** | **300000** | **0** | **3000000** |

## III (vii), വനിതകളുടെയും കുട്ടികളുടെയും വികസനം

വീട്ടമ്മമാരുടെ ഗാർഹിക ഭാരം കുറക്കുന്നതിൻെറ ഭാഗമായി ഗാർഹികവൃത്തികളിൽ (അടുക്കള ജോലിയിൽ) പുരുഷന്മാരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായുള്ള ബോധവത്കരണം, സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക മേഖലകളിൽ വനിതാ പ്രാധിനിത്യം ഉറപ്പാക്കൽ, നൈപുണ്യ വികസനം, വിവിധ മേഖലകളിൽ സാങ്കേതിക പരിഞ്ജാനം, ഭരണ ഘടനാ പ്രകാരമുള്ള അവകാശങ്ങൾ സംബന്ധിച്ച നിയമ ബോധവത്കരണം എന്നിവയ്ക്ക് ലിംഗ സമത്വത്തിൻെറ ഭാഗമായി ഈ ബജറ്റ് പ്രാധാന്യം നൽകുന്നു.

ഒരു സമൂഹത്തിന്റെ സമഗ്ര പുരോഗതിക്ക് വനിതകളുടെയും കുട്ടികളുടെയും വികസനം എന്നത് അനിവാര്യ ഘടകമാണ്. അതിന് വേണ്ടുന്ന വിവിധ പദ്ധതികൾ, അതിജീവിക്കാനുള്ള മാർഗങ്ങൾ എന്നിവക്ക് സമിതി പ്രാധാന്യം നൽകുന്നു. പെൺകുട്ടികളുടെ വിദ്യാഭ്യാസം, വനിതാ സാക്ഷരത, വനിതകൾക്ക് സ്വയം തൊഴിൽ, സാമ്പത്തിക വികസനം, സാമ്പത്തിക സ്വാതന്ത്ര്യം, സ്ത്രീ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ, ആരോഗ്യ ബോധവത്കരണ ക്യാമ്പുകൾ, ലൈംഗികാതിക്രമങ്ങൾക്കെതിരായ നിയമങ്ങൾ സംബന്ധിച്ച ബോധവത്കരണ ക്ളാസുകൾ,

പൊതുപ്രവർത്തനത്തിൽ വനിതകൾക്ക് ഇടം എന്നീ വിഷയങ്ങൾക്ക് ഈ ബജറ്റ് കൂടുതൽ പ്രാധാന്യം നൽകുന്നു. ഭവനം, ശുചിത്വ സൗകര്യങ്ങൾ, തൊഴിൽ, ആരോഗ്യം, കുടിവെള്ളം, മാലിന്യ നിർമ്മാർജനം എന്നിവയ്ക്കായുള്ള പദ്ധതികളിൽ വനിതാ പ്രാധിനിത്യം കൂടുതൽ ഉറപ്പ് വരുത്തുന്നതാണ്. പഞ്ചായത്തിൻെറ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ മാതൃ – ശിശു വിഭാഗങ്ങൾക്ക് കൂടുതൽ പ്രാധാന്യം, ഗ്രാമ പഞ്ചായത്തുകളുമായി സഹകരിച്ച് പൊതു സ്ഥലങ്ങളിൽ ലേഡീസ് ഫ്രണ്ട്ലി ടോയ്ലറ്റുകൾ, ഇൻസിനറേറ്റർ ഫോർ സാനിട്ടറി നാപ്കിൻ എന്നിവയ്ക്കും ബജറ്റിൽ പ്രാധാന്യം നൽകുന്നു.

ഈ മേഖലയിലെ പ്രവർത്തനങ്ങൾക്കായി 2026–27 ബജറ്റിൽ **47.00 ലക്ഷം** രൂപ വകയിരുത്തിയിട്ടുണ്ട്. **ഈ മേഖലയിൽ ഏറ്റെടുത്ത പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

| ക്ര.നം | പദ്ധതതിയുടെ പേര് | സാധാരണ വിഹിതം | തനത് ഫണ്ട് | എം.എഫ്. (NR) | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 1 | അംഗനവാടിക്ക് അനുപൂരക പോഷകാഹാരം | 1600000 | 0 | 0 | 0 | 1600000 |
| 2 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1500000 | 0 | 0 | 0 | 1500000 |
| 3 | ഐസിഡിഎസ് ഓഫീസിലേക്ക് ദൈനം ദിന ചെലവുകൾ | 0 | 0 | 50000 | 0 | 50000 |
| 4 | കാസർഗോഡ് ഐസിഡിഎസ് ഓഫീസിലേക്ക് കണ്ടീജൻസി ചെലവുകൾ | 0 | 0 | 50000 | 0 | 50000 |
| 5 | ഭിന്നശേഷി വിഭാഗത്തിന് സ്വയംതൊഴിൽ സഹായം | 1500000 | 0 | 0 | 0 | 1500000 |
| **ആകെ പദ്ധതി അടങ്കൽ** | | **4600000** | **0** | **100000** | **0** | **4700000** |

# III (viii), പട്ടികജാതി വികസനം

സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എന്നാൽ ഇന്ത്യൻ ഭരണ ഘടന ആർട്ടിക്കിൾ 15, 17, 46 പ്രകാരം പരിരക്ഷിക്കപ്പെടുന്ന ഒരു വിഭാഗമാണ് പട്ടിക ജാതി വിഭാഗം. ചരിത്രപരമായി അവരുടെ വികസനത്തിന് തടസമായിരുന്ന അനീതികളും വിവേചനങ്ങളും പരിഹരിക്കാനാണ് ഭരണഘടനാപരമായ സംരക്ഷണവും വികസന പദ്ധതികളും നടപ്പിലാക്കുന്നത്. ഈ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി കഴിഞ്ഞ വർഷങ്ങളിലെന്ന പോലെ എല്ലാ മേഖലകളിലും നടപ്പ് സമ്പത്തീക വർഷവും പദ്ധതി വിഹിതത്തിൻെറ നല്ലൊരു പങ്ക് വകയിരുത്തിയിട്ടുണ്ട്. പട്ടിക ജാതി കോളനികളിൽ ഗ്രാമ പഞ്ചായത്തുകളുമായി സഹകരിച്ച് സവിശേഷ പ്രാദേശിക പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രത്യേക പരിഗണന ഉറപ്പാക്കുന്നു. ക്രിയാത്മകമായ പദ്ധതി

പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും 2026–27 വർഷം **1 കോടി** രൂപ ബജറ്റിൽ വകയിരുത്തിയിട്ടുള്ളതാണ്. **ഈ മേഖലയിൽ ഏറ്റെടുത്ത പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

| ക്ര.നം | പദ്ധതതിയുടെ പേര് | സാധാരണ വിഹിതം | തനത് ഫണ്ട് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 2000000 | | | 2000000 |
| 2 | പി.എം.എ.വൈ. (ഗ്രാമീൺ) – ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 8000000 | | | 8000000 |
| **ആകെ പദ്ധതി അടങ്കൽ** | | **10000000** | **0** | **0** | **10000000** |

## III (ix) പട്ടിക വർഗ്ഗ വികസനം

പട്ടികവർഗ സമൂഹത്തിന്റെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിലെ ഉയർച്ച ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളും, പദ്ധതികളും സമിതി ലക്ഷ്യമിടുന്നു. തുല്യ അവകാശം ഉറപ്പാക്കുക, വിദ്യാഭ്യാസ, തൊഴിൽ, ആരോഗ്യ പദ്ധതികൾ നടപ്പിലാക്കുക, ഭൂമിയുടേയും പരമ്പരാഗത അവകാശങ്ങളുടേയും സംരക്ഷണം ഉറപ്പാക്കുക, പട്ടികവർഗ കലാസാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, നിയമ സംരക്ഷണം നൽകുക, സ്ത്രീ സുരക്ഷയും, കുട്ടികളുടെ ക്ഷേമവും ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ ഈ ബജറ്റിൽ 25.00 ലക്ഷം രൂപ വകയിരുത്തുന്നു. **ഈ മേഖലയിൽ ഏറ്റെടുത്ത പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

| ക്ര.നം | പദ്ധതതിയുടെ പേര് | സാധാരണ വിഹിതം | തനത് ഫണ്ട് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 500000 | | | 500000 |
| 2 | പി.എം.എ.വൈ. (ഗ്രാമീൺ) – ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2000000 | | | 2000000 |
| **ആകെ പദ്ധതി അടങ്കൽ** | | **2500000** | **0** | **0** | **2500000** |

## III (x), ആരോഗ്യം

പൊതു ആരോഗ്യ പരിപാലന ശൃംഖലയിൽ ചികിത്സ തേടുന്നവർക്ക് ഏറ്റവും സൗഹൃദമായ നിലയിൽ ചികിത്സാ സംവിധാനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച 'ആർദ്രം മിഷൻ, റീ ബിൽഡ് കേരളാ' എന്നിവയുടെ ഉദ്ദേശം സർക്കാർ ആശുപത്രികൾ എല്ലാം തന്നെ ജനസൗഹൃദം ആക്കുക എന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് നിയന്ത്രണത്തിലുള്ള കളനാട്

ഹോമിയോ ആശുപത്രി, കുമ്പള സി.എച്ച്.സി., ബദിയടുക്ക സി.എച്ച്.സി. എന്നിവ ഈ മേഖലയിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്.

കാലാനുസൃതം സ്റ്റാഫ് പാറ്റേൺ പുതുക്കാത്തത് മൂലം ആശുപത്രികളിൽ ജീവനക്കാരുടെ കുറവ് ഉണ്ടെങ്കിലും, ലഭ്യമായ ജീവനക്കാരുടെ സഹകരണത്തോടെ ആരോഗ്യ രംഗത്ത് മാതൃകാപരമായ മുന്നേറ്റം നടത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. യഥാസമയം സർക്കാർ ഉത്തരവുകൾക്ക് വിധേയമായി കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് സമിതി ഇടപെടൽ നടത്തുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം പൊതുജനാരോഗ്യ രംഗത്തെ പുരോഗതിക്ക് വളരെയധികം സഹായകമായി. **കൂടാതെ,** ബ്ലോക്ക് പഞ്ചായത്തിലെ കുമ്പള, ബദിയടുക്ക താലൂക്ക് ആശുപത്രികൾ മുഖേന ടെലിമെഡിസിൻ സംവിധാനം ഏർപ്പെടുത്തുന്നത് പഞ്ചായത്തിന്റെ പരിഗണനയിലുണ്ട്.

അടിക്കടി ഉണ്ടാകുന്ന പകർച്ചവ്യാധികൾ, വർദ്ധിച്ച് വരുന്ന ജീവിത ശൈലീരോഗങ്ങൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ, കുടിവെള്ള ശുചിത്വ പ്രശ്നങ്ങൾ, ഖര-ദ്രവ മാലിന്യങ്ങളുടെ അശാസ്ത്രീയമായ നിർമാർജനം, അന്യസംസ്ഥാന തൊഴിലാളികളുടെ അധിനിവേശം, മദ്യപാനം, പുകവലി എന്നിവയെല്ലാം പൊതുജനാരോഗ്യത്തെയും പ്രശ്നങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ ആരോഗ്യ മേഖലക്ക് ഈ ബജറ്റ് കൂടുതൽ പ്രാധാന്യം നൽകുന്നു.

ഇതിന് പുറമേ കുട്ടികളുടെയും, സ്ത്രീകളുടെയും ആരോഗ്യ പരിപാലനത്തിന് വേണ്ട ബോധവത്കരണപരിപാടികൾ, ഭിന്നശേഷിയുള്ളവർ അന്ധർ ബധിരർ എന്നിവർക്കായി അഭയകേന്ദ്രങ്ങൾ, ആരോഗ്യ ബോധവത്കരണ മെഡിക്കൽ ക്യാമ്പുകൾ എന്നിവയും പഞ്ചായത്തിൻെറ പരിഗണനയിലുണ്ട്.

ആരോഗ്യ മേഖലയിലെ സമഗ്ര പുരോഗതിക്കായി വിവിധ പദ്ധതികൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് **2.26 കോടി** രൂപ ബജറ്റിൽ വകയിരുത്തുന്നു. **ഈ മേഖലയിൽ ഏറ്റെടുത്ത പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

| ക്ര. നം | പദ്ധതതിയുടെ പേര് | സാധാരണ വിഹിതം | തനത് ഫണ്ട് | ഹെൽത്ത് ഗ്രാന്റ് | എം.എഫ്. (NR) | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 1 | കുമ്പള കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് വാഹന വാടക | 250000 | 0 | 0 | 0 | 0 | 250000 |
| 2 | കുമ്പള കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങല് | 0 | 0 | 0 | 2100000 | 0 | 2100000 |
| 3 | കുമ്പള കുടുംബാരോഗ്യ കേന്ദ്രം - വിദഗ്ധ പാലിയേറ്റിവ് പരിചരണം | 300000 | 600000 | 0 | 0 | 1200000 | 2100000 |
| 4 | കുമ്പള കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ലാബ് റിയെജന്റ്റ് വാങ്ങല് | 0 | 0 | 0 | 300000 | 0 | 300000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | കളനാട് ഹോമിയോ ആശുപത്രിക്ക് ലാബ് റീയേജന്റ് വാങ്ങൽ | 0 | 0 | 0 | 300000 | 0 | 300000 |
| 6 | കളനാട് ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 1500000 | 0 | 1500000 |
| 7 | കുമ്പള കുടുംബാരോഗ്യ കേന്ദ്രത്തിലെ കണ്ടിജെൻസി ചിലവുകള് | 0 | 0 | 0 | 600000 | 0 | 600000 |
| 8 | ബദിയടുക്ക സി ഏച്ച് സി മരുന്ന് വാങ്ങല് | 0 | 0 | 0 | 1000000 | 0 | 1000000 |
| 9 | കുമ്പള സി എച് സി ലാബിലെ ആവർത്തന ചിലവുകള് | 0 | 0 | 0 | 178000 | 0 | 178000 |
| 10 | കളനാട് ഹോമിയോ ആശുപത്രി – കണ്ടിജെൻസി ചിലവുകള് | 0 | 0 | 0 | 200000 | 0 | 200000 |
| 11 | സി ഏച്ച് സി ബദിയടുക്ക – വിദഗ്ധ പാലിയേറ്റീവ് പരിചരണം | 1200000 | 0 | 0 | 0 | 0 | 1200000 |
| 12 | കുമ്പള സി.എച്ച്.സി. ക്ക് പുതിയ കെട്ടിട നിർമ്മാണം | 0 | 0 | 10900000 | 0 | 0 | 10900000 |
| 13 | കുമ്പള CHC – വിദഗ്ധ പാലിയേറ്റിവ് പരിചരണം | 2000000 | 0 | 0 | 0 | 0 | 2000000 |
| **ആകെ പദ്ധതി അടങ്കൽ** | | **3750000** | **600000** | **10900000** | **6178000** | **1200000** | **22628000** |

## III (xi), കുടിവെള്ളം, ശുചിത്വം

നമ്മുടെ ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് കുടിവെള്ളം – ശുചിത്വം എന്ന മേഖല വളരെ പ്രധാനപ്പെട്ടതാണ്. ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കുകയും, അതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുക എന്നത് ഗ്രാമ പഞ്ചായത്തുകളുടെ ഉത്തരവാദിത്വമാ ണെങ്കിലും ഈ ബഡ്ജറ്റിൽ, കുടിവെള്ള വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ശുചിത്വം ഉറപ്പാക്കുന്നതിനുമായി വിവിധ സംയുക്ത പദ്ധതികൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്.

ശുദ്ധമായ കുടിവെള്ളത്തിൻെറ ദൗർലഭ്യം, സുരക്ഷിതമായ സാനിട്ടറി സൗകര്യങ്ങളുടെ അഭാവം, അശാസ്ത്രീയ ഖര, ദ്രവ മാലിന്യ പരിപാലനം എന്നിവ ഈ രംഗത്തെ മുഖ്യ പ്രശ്നങ്ങളാണ്. വൃത്തിയും, ശുദ്ധജല അപര്യാപ്തതയും മിക്ക പ്രാദേശിക ഭരണകൂടങ്ങളും അഭിമുഖീകരിക്കുന്ന ഗുരുതരമായ വെല്ലുവിളിയാണ്. കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിനെ മാലിന്യ മുക്ത പഞ്ചായത്ത് ആക്കുന്നതിൽ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട 6 ഗ്രാമ പഞ്ചായത്തുകളിലെയും ഹരിത കർമ്മ സേനാംഗങ്ങളുടെ പങ്ക് വളരെ വലുതാണ്.

ബ്ലോക്ക് തലത്തിൽ Resource Recovery Facility (RRF) സ്ഥാപിക്കുന്നതിനായി പദ്ധതിത്തുക വകയിരുത്തിയിട്ടുണ്ടെങ്കിലും നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ പദ്ധതി നിർവ്വഹണം വൈകുന്നത് സമിതിക്ക് ഒരു വെല്ലുവിളിയാണ്. എന്നിരുന്നാലും ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ ഭൂമി ലഭ്യതക്കായി പരിശ്രമം തുടരുന്നു.

ഈ മേഖലയിലെ മുഴുവൻ പ്രവർത്തനങ്ങൾക്കുമായി ബജറ്റിൽ **1.15 കോടി** രൂപ വകയിരുത്തുന്നു. **ഈ മേഖലയിൽ ഏറ്റെടുത്ത പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

| ക്ര. നം | പദ്ധതതിയുടെ പേര് | സാധാരണ വിഹിതം | തനത് ഫണ്ട് | CFC | ആകെ |
|---|---|---|---|---|---|
| 1 | വാണിയാർ മൂല എസ് സി കോളനി കുടിവെള്ള പദ്ധതി | 0 | 0 | 500000 | 500000 |
| 2 | പെരുമ്പള കുടിവെള്ള പദ്ധതി | 0 | 0 | 500000 | 500000 |
| 3 | നടുവള്ളം കുടിവെള്ള പദ്ധതി | 0 | 0 | 500000 | 500000 |
| 4 | ബിർമിനടുക്കം കുടിവെള്ള പദ്ധതി | 0 | 0 | 500000 | 500000 |
| 5 | ഇ എം എസ് കോളനി കുടിവെള്ള പദ്ധതി | 0 | 0 | 500000 | 500000 |
| 6 | ചേടികമ്പനി ചന്ദ്രഗിരിക്കോട്ട കുടിവെള്ള പദ്ധതി | 0 | 0 | 500000 | 500000 |
| 7 | മുണ്ടാങ്കുളം പൈപ്പ്ലൈൻ പുനർനിർമ്മാണം | 0 | 0 | 500000 | 500000 |
| 8 | നെല്ലിക്കട്ട മണ്ടലിക്കാട് എസ് സി കോളനിയിലുള്ള പൊതുകിണർ നവീകരണം (SC) | 0 | 0 | 500000 | 500000 |
| 9 | പറമ്പ് ചെറുകര റോഡ് ഡ്രൈനേജ് | 0 | 0 | 500000 | 500000 |
| 10 | കുന്നിരിയത്ത് അഹമ്മദ് ചേക്കരം ക്രോസ് റോഡ് ഡ്രൈനേജ് | 0 | 0 | 500000 | 500000 |
| 11 | ആരിക്കാടി കുണ്ടപ്പൂർ റോഡ് ഡ്രൈനേജ് | 0 | 0 | 500000 | 500000 |
| 12 | സുനാമി കോളനി റോഡ് ഡ്രൈനേജ് | 0 | 0 | 500000 | 500000 |
| 13 | ചായ്യോട്ടം – മൊഗർ റോഡ് ഡ്രൈനേജ് | 0 | 0 | 500000 | 500000 |
| 14 | ദൊട്ടടുക്ക പെർഡാലമൂല റോഡ് ഡ്രൈനേജ് | 0 | 0 | 500000 | 500000 |
| 15 | ചർളടുക്ക റോഡ് ഡ്രൈനേജ് | 0 | 0 | 500000 | 500000 |
| 16 | ബാറടുക്ക റോഡ് ഡ്രൈനേജ് | 0 | 0 | 500000 | 500000 |
| 17 | അടുംബായികുണ്ട ചെടേക്കൽ കൾവർട്ട് | 0 | 0 | 500000 | 500000 |
| 18 | ചെട്ടുംകുഴി ഹിദായത്ത് റോഡ് ഡ്രൈനേജ് | 0 | 0 | 500000 | 500000 |
| 19 | കൈനോത്ത് കണ്ടത്തിൽ റോഡ് ഡ്രൈനേജ് | 0 | 0 | 500000 | 500000 |
| 20 | കോളിക്കട്ട കൊളച്ചിയടുക്കം റോഡ് ഡ്രൈനേജ് | 0 | 0 | 500000 | 500000 |

| | | | | | |
|---|---|---|---|---|---|
| 21 | എരിയപ്പാടി കൊറമനം ആലംപാടി റോഡ് ഡ്രൈനേജ് | 0 | 0 | 500000 | 500000 |
| 22 | പൊടിപള്ളം ബംബ്രാണിനഗർ റോഡ് ഡ്രൈനേജ് | 0 | 0 | 500000 | 500000 |
| 23 | പി വി ആർ സ്ട്രീറ്റ് റോഡ് ഡ്രൈനേജ് | 0 | 0 | 500000 | 500000 |
| **ആകെ പദ്ധതി അടങ്കൽ** | | **0** | **0** | **11500000** | **11500000** |

# III (xii), വിദ്യാഭ്യാസം, കല, സംസ്കാരം, യുവജനകാര്യം

വിദ്യാഭ്യാസത്തിലും, സാക്ഷരതയിലും, സംസ്കാരത്തിലും, കലാ കായിക രംഗത്തും ചെറുതല്ലാത്ത സ്ഥാനം ബ്ലോക്ക് പഞ്ചായത്തിനുണ്ടെങ്കിലും പല വിധത്തിലുള്ള പരിമിതികളും, പോരായ്മകളും ഈ രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുന്നു. സംസ്ഥാന സാക്ഷരതാമിഷനുമായി സംയുക്തമായുള്ള തുടർ സാക്ഷരതാ പദ്ധതി, തുല്യതാ പരിപാടി എന്നിവക്ക് സമിതി വേണ്ടത്ര പ്രാധാന്യം നല്കിയിട്ടുള്ളതും ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുള്ളതുമാണ്. സംസ്ഥാന സർക്കാരിന്റെ ഫ്ളാഗ്ഷിപ്പ് പദ്ധതികളിൽ ഒന്നായ "ഡിജി കേരള" പദ്ധതി സമ്പൂർണ്ണമായി നടപ്പാക്കുകയും അപ്രകാരം 14 വയസ് മുതൽ 60 വയസ് വരെയുള്ള മുഴുവൻ പേർക്കും പരിശീലനം നൽകുവാൻ സാധിച്ചത് ഈ മേഖലയിൽ എടുത്ത് പറയേണ്ട സംഗതിയാണ്.

പഞ്ചായത്തിൽ താമസക്കാരായുള്ള ഇതര സംസ്ഥാന പൗരന്മാർക്ക് ഹമാരി മലയാളം, പട്ടിക ജാതി മേഖലയിൽ നവ ചേതന പദ്ധതി എന്നിവയും തുടർന്ന് വരുന്നു. പഞ്ചായത്ത് പരിധിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പാഠ്യ – പാഠ്യേതര, ഭൗതിക വിഷയങ്ങളിൽ സജീവമായി ഇടപെട്ട് കൂടുതൽ പുരോഗതി കൈവരിക്കുന്നതിന് ഈ സമിതി പ്രാധാന്യം നൽകുന്നു.

ഈ മേഖലയിലെ കൂടുതൽ പുരോഗതിക്കായി ഈ ബജറ്റിൽ 4.5 ലക്ഷം രൂപ വകയിരുത്തുന്നു. **ഈ മേഖലയിൽ ഏറ്റെടുത്ത പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

| ക്ര.നം | പദ്ധതതിയുടെ പേര് | സാധാരണ വിഹിതം | തനത് ഫണ്ട് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 1 | വജ്ര ജൂബിലി ഫെല്ലോഷിപ്പ് | 300000 | | | 300000 |
| 2 | ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവം 2025 | 150000 | | | 150000 |
| **ആകെ പദ്ധതി അടങ്കൽ** | | **450000** | **0** | **0** | **450000** |

## III (xiii), പൊതുമരാമത്ത് *(ഊർജ്ജം, വൈദ്യുതി ഉൾപ്പടെ)*

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലെ കെട്ടിടങ്ങൾ, റോഡുകൾ എന്നിവ ഉൾപ്പെടുന്ന അടിസ്ഥാന സൗകര്യ വികസനത്തിനു പഞ്ചായത്ത് വേണ്ടത്ര പ്രാധാന്യം ഈ ബജറ്റിൽ നൽകിയിട്ടുണ്ട്. എന്തെന്നാൽ അത് ഒരു പ്രദേശത്തെ ജനങ്ങളുടെ ദൈനംദിന ജീവിത നിലവാരം ഉയർത്തുന്നതിന് അത്യന്താപേക്ഷിതമാണ്.

പഞ്ചായത്ത് മുഖേനയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണമേന്മയും, നിലവാരവും ഉറപ്പ് വരുത്തുന്നതിനായി മോണിട്ടറിംഗ് സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു ഘടക സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ ഫണ്ട്, ആസ്തി പരിപാലന ഫണ്ട്, വിവിധ രീതിയിൽ ലഭ്യമാകുന്ന മറ്റ് ഫണ്ടുകൾ എന്നിവ വിനിയോഗിച്ചുള്ള വിവിധ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

പുതിയ റോഡുകളുടെ നിർമ്മാണം, പഴയവയുടെ അറ്റകുറ്റപ്പണി, സിഗ്നലുകളും ലൈറ്റിംഗും ഉൾപ്പെടെയുള്ള ഗതാഗത നിയന്ത്രണ സംവിധാനങ്ങൾ, പുനരുപയോഗ ഊർജ പദ്ധതികൾ, പൊതു ശുചിമുറികൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ആരോഗ്യ കേന്ദ്രങ്ങളുടെ നവീകരണം, സ്കൂളുകളും ലൈബ്രറികളും നവീകരിക്കൽ, ജൈവമാലിന്യ സംസ്കരണ പദ്ധതികൾ എന്നീ പ്രവർത്തനങ്ങൾക്കായി ആകെ **2.69 കോടി** രൂപ ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. **ഈ മേഖലയിൽ ഏറ്റെടുത്ത പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

| ക്ര.നം | പദ്ധതതിയുടെ പേര് | സാധാരണ വിഹിതം | തനത് ഫണ്ട് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 1 | കുഞ്ഞടുക്കം കല്ലുങ്കൽ റോഡ് | 500000 | 0 | 0 | 500000 |
| 2 | പുത്തരിയടുക്കം പി എ ക്രോസ് റോഡ് | 500000 | 0 | 0 | 500000 |
| 3 | പൊയ്യാച്ചി രാജധാനി ഓഡിറ്റോറിയം ചെറുകര റോഡ് | 500000 | 0 | 0 | 500000 |
| 4 | നെല്ലിയടുക്കം പുളിനാക്ഷി റോഡ് | 500000 | 0 | 0 | 500000 |
| 5 | ബെണ്ടിച്ചാൽ ബാലനടുക്കം പൊന്നടുക്കം റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 500000 | 0 | 0 | 500000 |
| 6 | ദേളി സഅദിയ്യ ആരിഫ ക്വാർട്ടേഴ്സ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 500000 | 0 | 0 | 500000 |
| 7 | മരവയൽ ഉസ്മാൻ മസ്ജിദ് റോഡ് | 500000 | 0 | 0 | 500000 |
| 8 | പാലോത്ത് കാരക്കാർ റോഡ് ഇംപ്രൂവ്മെന്റ് | 500000 | 0 | 0 | 500000 |
| 9 | പരവനടുക്കം എൽ.പി.സ്കൂൾ റോഡ് | 500000 | 0 | 0 | 500000 |
| 10 | കുണ്ടങ്കാരിയടുക്കം ബജ്പെ റോഡ് | 500000 | 0 | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| 11 | ആരിക്കാടി പി.കെ റോഡ് ഇംപ്രൂവ്മെന്റ് | 500000 | 0 | 0 | 500000 |
| 12 | കാർളെ പി.കെ.നഗർ തങ്ങൾ വീട് തോട് നവീകരണം | 500000 | 0 | 0 | 500000 |
| 13 | സി.എച്ച്. റോഡ് ചായ്തോട്ടം | 500000 | 0 | 0 | 500000 |
| 14 | ബദറിയ നഗർ ചളിയങ്ങോട് റോഡ് നവീകരണം | 500000 | 0 | 0 | 500000 |
| 15 | ചേരങ്കൈ കടപ്പുറം – കാവുഗോളി റോഡ് | 500000 | 0 | 0 | 500000 |
| 16 | ആസാദ് നഗർ – ബദർ നഗർ ക്രോസ് റോഡ് ബാക്കി ഭാഗം | 500000 | 0 | 0 | 500000 |
| 17 | ഏരിയാൽ അക്കര കൊളമത്തോട് പ്രൊട്ടക്ഷൻ വാൾ | 500000 | 0 | 0 | 500000 |
| 18 | കുക്കംകൂടൽ മസ്ജിദ് റോഡ് ടാറിംഗ് | 500000 | 0 | 0 | 500000 |
| 19 | പന്നിപ്പാറ ഹിദായത്ത് നഗർ റോഡ് കോൺക്രീറ്റ് | 500000 | 0 | 0 | 500000 |
| 20 | കുട്ടപ്പംകുഴി റോഡ് കോൺക്രീറ്റ് | 500000 | 0 | 0 | 500000 |
| 21 | എൻ.എച്ച് എസ്. സ്കൂൾ റോഡ് കോൺക്രീറ്റ് | 500000 | 0 | 0 | 500000 |
| 22 | കന്തിക്കര ശിവ ടെമ്പിൾ റോഡ് കോൺക്രീറ്റ് | 500000 | 0 | 0 | 500000 |
| 23 | മെനസിനപ്പാറ മല്ലത്തൂർ റോഡ് ടാറിംഗ് | 500000 | 0 | 0 | 500000 |
| 24 | മാടത്തടുക്ക മുൻച്ചിനടുക്ക റോഡ് ടാറിംഗ് (TSB) | 500000 | 0 | 0 | 500000 |
| 25 | കാരിപ്പാടി ടു മുങ്കില റോഡ് നിർമ്മാണം | 500000 | 0 | 0 | 500000 |
| 26 | നാരായണമംഗല സ്റ്റേറ്റ് ഹൈവേ ടു ഷെട്ടീസ് കോമ്പൗണ്ട് ഡ്രൈനേജ് | 500000 | 0 | 0 | 500000 |
| 27 | പെർവ്വത്തടുക്ക താഴെകൊടിയമ്മ റോഡ് നിർമ്മാണം | 500000 | 0 | 0 | 500000 |
| 28 | കറുമ്പയിൽകുഞ്ഞ് റോഡ് നിർമ്മാണം (SC) | 500000 | 0 | 0 | 500000 |
| 29 | ഹൊസമന ശിവകൃഷ്ണ റോഡ്  നിർമ്മാണം അഭിവൃദ്ധിപ്പെടുത്തൽ | 500000 | 0 | 0 | 500000 |
| 30 | പള്ളം പുളിക്കൂർ റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 500000 | 0 | 0 | 500000 |
| 31 | ഹിദായത്ത് നഗർ മേലംഗല റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 500000 | 0 | 0 | 500000 |
| 32 | ചേനക്കോട് കൊടക്കള റോഡ് ടാറിംഗ്  (SC Colony) | 500000 | 0 | 0 | 500000 |
| 33 | അർജ്ജുനഗുളി റോഡ് ടാറിംഗ് | 500000 | 0 | 0 | 500000 |
| 34 | കുർപ്പനടുക്ക കുട്ടത്തുമൂല റോഡ് ടാറിംഗ് – പട് ല | 500000 | 0 | 0 | 500000 |
| 35 | IAD പള്ളങ്കോട് ഈസ്റ്റ് റോഡ് ടാറിംഗ് (ചേനക്കോട് റോഡ് വരെ) | 500000 | 0 | 0 | 500000 |
| 36 | കടവത്ത് പയോട്ട റയിൽവേ സ്റ്റേഷൻ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം | 500000 | 0 | 0 | 500000 |
| 37 | പന്ദ്രഗിരി സ്കൂൾ പാറക്കുളം റോഡ് കോൺക്രീറ്റ് | 500000 | 0 | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| 38 | കെ കെ പുറം നേഴ് സറി സ്കൂൾ റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 500000 | 0 | 0 | 500000 |
| 39 | സി എച്ച് നഗർ റോഡ് ടാറിംഗ് | 500000 | 0 | 0 | 500000 |
| 40 | കല്ലക്കട്ട കൈരളി റോഡ് കോൺക്രീറ്റ് | 500000 | 0 | 0 | 500000 |
| 41 | എതിർത്തോട് ബദർനഗർ കുടിവെള്ളം റോഡ് കോൺക്രീറ്റ് | 500000 | 0 | 0 | 500000 |
| 42 | പാണലം ജുമാ മസ് ജിദ് അങ്കണവാടി ക്രോസ് റോഡ് കോൺക്രീറ്റ് | 500000 | 0 | 0 | 500000 |
| 43 | ഇർഷാദ് നഗർ ന്യൂ കോപ്പ(നിസാമുദ്ദീൻ റോഡ്) അഭിവൃദ്ധിപ്പെടുത്തൽ | 500000 | 0 | 0 | 500000 |
| 44 | തൈവളപ്പ് നിദാത്ത് നഗർ റോഡ് കോൺക്രീറ്റ് | 500000 | 0 | 0 | 500000 |
| 45 | നായന്മാർമൂല ചിൽഡ്രൻസ് പാർക്കിനു സമീപം ഓപ്പൺ ജിം സ്ഥാപിക്കൽ | 500000 | 0 | 0 | 500000 |
| 46 | ബദിയടുക്ക കൊറഗ കോളനി റോഡ് കോൺക്രീറ്റ് | 500000 | 0 | 0 | 500000 |
| 47 | ബി കെ എം താബ്ബ നഗർ കുണ്ടന്നൂർ റോഡ് സൈഡ് സംരക്ഷണം | 500000 | 0 | 0 | 500000 |
| 48 | ചന്ദ്രൻപ്പാറ പുളിൻ്റടി ആലങ്കോട് മസ് ജിദ് റോഡ് | 500000 | 0 | 0 | 500000 |
| 49 | നാരമ്പാടി ചർച്ച് റോഡ് – 5 ലക്ഷം | 500000 | 0 | 0 | 500000 |
| 50 | ചൂരിപ്പള്ളം ആയുർവ്വേദ ഹോസ്പിറ്റൽ റോഡ് | 500000 | 0 | 0 | 500000 |
| 51 | ചൂരിപ്പള്ളം എസ് സി കോളനി റോഡ്(SC) | 500000 | 0 | 0 | 500000 |
| 52 | ചാത്തപ്പാടി കുന്നിൽ റോഡ് കോൺക്രീറ്റ് | 500000 | 0 | 0 | 500000 |
| 53 | വിദ്യാനഗർ നെൽക്കള പ്രിയദർശിനി റോഡ് കോൺക്രീറ്റ് | 500000 | 0 | 0 | 500000 |
| 54 | ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം റൂഫിംഗ് പ്രവർത്തി | 0 | 200000 | 0 | 200000 |
| 55 | വനിതാ – ഉത്പന്ന വിപണന കേന്ദ്രം – അറ്റകുറ്റപ്പണികൾ | 200000 | 0 | 0 | 200000 |
| **ആകെ പദ്ധതി അടങ്കൽ** | | **26700000** | **200000** | **0** | **26900000** |

## III (xiv), ജൈവ വൈവിധ്യ മാനേജ്മെൻറ്

*(കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം)*

ലോക പരിസ്ഥിതി ദിനാചരണവുമായി ബന്ധപ്പെട്ട "Eco System Restoration" എന്ന മുദ്രാവാക്യം നമ്മെ സംബന്ധിച്ച് വളരെ പ്രധാനമാണ്. ആഗോള കാലാവസ്ഥാ വ്യതിയാനം അതിതീവ്ര മഴക്കും തുടർച്ചയായ വെള്ളപ്പൊക്കത്തിനും കാരണമായിട്ടുണ്ട്. അപകടകരമായ ഘടകങ്ങളടങ്ങിയ മാലിന്യങ്ങൾ ജലാശയങ്ങളിലെത്തുന്നത് ജലമലിനീകരണത്തിനും, ജലജന്യ രോഗങ്ങൾക്കും, മത്സ്യസമ്പത്ത് ഗണ്യമായി കുറയുന്നതിനും കാരണമാകുന്നു. പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ ജലാശയങ്ങളിലെ ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നു. 2018 ലെ

വെള്ളപ്പൊക്കത്തിനു ശേഷം പ്രസിദ്ധീകരിച്ച പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്മൻറ് (PDNA) റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള 'നദിക്കുള്ള ഇടം', 'വെള്ളത്തിനൊപ്പം ജീവിക്കുക', 'പ്രകൃതിക്ക് ഇണങ്ങുന്ന നിർമ്മാണ രീതി' എന്നീ മികച്ച സമ്പ്രദായങ്ങൾ നമ്മുടെ **ബ്ലോക്ക്** പഞ്ചായത്തിനെ സംബന്ധിച്ച് വളരെ അർത്ഥവത്താണ്.

പ്രകൃതിദത്തമായുള്ള പാടങ്ങൾ, കാടുകൾ, ജലാശയങ്ങൾ തുടങ്ങിയ വിവിധ പരിസ്ഥിതി തട്ടുകളിലെ സസ്യ-ജന്തു വർഗ്ഗങ്ങളെ സംരക്ഷിക്കുക എന്നതാണ് ഈ മേഖലയുടെ പ്രാധാന്യം. ഔഷധ സസ്യങ്ങൾ, ജല സ്രോതസുകൾ പോലെയുള്ള പ്രകൃതിയുടെ സംഭാവനകൾ മനോഹരമാക്കുകയും, ഉപയോഗിക്കുകയും, സംരക്ഷിക്കുകയും ചെയ്യുന്നതിന് പഞ്ചായത്ത് ലക്ഷ്യം വയ്ക്കുന്നു. "വിനിയോഗം ഒപ്പം സംരക്ഷണം" എന്നതാണ് നമ്മുടെ പഞ്ചായത്തിന്റെ ആപ്തവാക്യം.

തുടർച്ചയായി ഉണ്ടാകുന്ന പ്രളയം, കൊടുംകാറ്റ്, പേമാരി എന്നീ പ്രകൃതി ദുരന്തങ്ങളിൽ നിന്നും സ്ഥായിയായ സംരക്ഷണം ലഭിക്കുന്ന തരത്തിൽ പദ്ധതികൾ രൂപകൽപ്പന ചെയ്യേണ്ടിയിരിക്കുന്നു. അറബിക്കടലിൻെറ തീരത്താകയാലും പഞ്ചായത്ത് പ്രദേശത്ത് കൂടി ചന്ദ്രഗിരി, കുമ്പള പുഴകൾ ഒഴുകുന്നതിനാലും ഭാവിയിൽ ഉണ്ടായേക്കാവുന്ന ദുരന്തങ്ങളെ അതി ജീവിക്കുന്നതിനായി ലിംഗഭേദമെന്യേ യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവർക്ക് നീന്തൽ പരിശീലനം നൽകുന്നതിന് ആവശ്യമായ നടപടികൾ ഗ്രാമ പഞ്ചായത്തുകളുമായി സംയുക്തമായി ഈ സമിതി ലക്ഷ്യമിടുന്നു.

കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡുമായി സഹകരിച്ച് പദ്ധതി പ്രവർത്തനങ്ങൾക്കായി ആകെ 14.00 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു. **ഈ മേഖലയിൽ ഏറ്റെടുത്ത പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

| ക്ര.നം | പദ്ധതതിയുടെ പേര് | തനത് ഫണ്ട് | MGNREGS | CFC | ആകെ |
|---|---|---|---|---|---|
| 1 | വള്ളിയോട് കുളം നവീകരണം | 0 | 0 | 500000 | 500000 |
| 2 | തുർക്കർ കുളം നവീകരണം | 0 | 0 | 500000 | 500000 |
| 3 | ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾക്ക് പരിശീലനം | 100000 | 0 | 0 | 100000 |
| 4 | മധുരം മാമ്പഴം – മഹിളാ മന്ദിരത്തിൽ മാമ്പഴത്തോട്ടം | 50000 | 100000 | 0 | 150000 |
| 5 | ഫല സമൃദ്ധി – വൃദ്ധ സദനത്തിൽ ഫലവൃക്ഷത്തോട്ടം | 50000 | 100000 | 0 | 150000 |
| **ആകെ പദ്ധതി അടങ്കൽ** | | **200000** | **200000** | **1000000** | **1400000** |

# IV, ഉപസംഹാരം

ബഹുമാന്യരേ, ഗ്രാമസഭാ, വർക്കിങ് ഗ്രൂപ്പ് നിർദ്ദേശങ്ങൾക്കനുസൃതമായി തയ്യാറാക്കിയിട്ടുള്ള ഈ ബജറ്റ് ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമിടുന്നു. സവിശേഷതകളുടെയും, വൈവിദ്ധ്യങ്ങളുടെയും, ഐതിഹ്യങ്ങളുടെയും വാസസ്ഥലമായ കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിനു തനതായ സാംസ്കാരിക പൈതൃകവും, സാമൂഹിക വികസന സൂചകങ്ങളിൽ തനതായ നേട്ടങ്ങളും ഉണ്ട്. ചരിത്ര സ്മാരകമായ ചന്ദ്രഗിരി കോട്ട സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് പ്രദേശത്ത് ടൂറിസം വികസന സാദ്ധ്യതയുള്ളതിനാൽ ടൂറിസം, ആർക്കിയോളജി എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ബജറ്റ് വിഭാവനം ചെയ്യുന്നു. അതി ദാരിദ്ര്യ ലഘൂകരണം, മാലിന്യ **മുക്ത കേരളം,** സംരംഭകത്വ വികസനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, എന്നിവ പോലെയുള്ള സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മുൻനിര പരിപാടികൾ, കക്ഷി രാഷ്ട്രീയ ഭേദമെന്യേ പഞ്ചായത്തിന്റെ സമസ്ത മേഖലയിലെയും പുരോഗതി എന്നിവ മാത്രം ലക്ഷ്യം വച്ചുകൊണ്ട് – ലഭ്യമാകുന്ന പരിമിതമായ ഫണ്ട് വിനിയോഗിച്ച് **ഉദ്പാദന, ആരോഗ്യ** മേഖലകൾക്ക് ഊന്നൽ നൽകിയുള്ള ഈ ബജറ്റ് ചർച്ചക്കും അംഗീകാരത്തിനുമായി സമക്ഷം സമർപ്പിക്കുന്നു.

**വൈസ് പ്രസിഡൻറ് &**
**ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺ**